പ്രൊഫസർ-1

അസോസിയേറ്റ് പ്രൊഫസർ-3

അസി. പ്രൊഫസർ-6

(സി ആന്റ് ഡി) 15-2-2005-ൽ ഫാർമസി വിഭാഗത്തിന്റെ ഡി.പി.സി. കൂടുവാൻ നിശ്ചയിച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ കൂടാൻ കഴിഞ്ഞില്ല.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) 10 ഒഴിവുകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) ഒഴിവുകൾ ഇല്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) നടപടികൾ സ്വീകരിക്കുന്നതാണ്.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ തസ്തിക നികത്തൽ

120 [3172] ശ്രീ. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ എത്ര തസ്തികകളൊഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

തൃപ്പനച്ചി, കിഴുവിന പി.എച്ച്.സി.-കളിൽ ഡോക്ടർമാരെ നിയമിക്കൽ

121 [3173] ശ്രീ. ഇസ്ഹാക്കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജക മണ്ഡലത്തിലെ തൃപ്പനച്ചി, കിഴുവിന പി.എച്ച്.സി.-കളിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടോ; എങ്കിൽ എത്ര;

(ബി) ഈ തസ്തികകൾ എന്നു മുതൽ ഒഴിഞ്ഞുകിടക്കുന്നു.;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly